## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – ശ്രീ.രവികുമാർ.എസ്, സീനിയർ സൂപ്രണ്ട് – പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവന കാലാവധി പൂർത്തിയാക്കിയതിനെ തുടർന്ന് മാതൃവകുപ്പിൽ ജോലിയിൽ പ്രവേശിപ്പിച്ച് ഉത്തരവാകുന്നു

---

ഉത്തരവ് നം: എസ്റ്റാ -സി 1 /2109/2019/ കോ.വി.വ          തീയതി : 17.08.2019

---

പരാമർശം :-

1) 03.08.2019 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ ഉത്തരവ്
2) 16.08.2019 തീയതിയിലെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ബി2/3002/2018/പ്ര.വ.ക നമ്പർ വിടുതൽ ഉത്തരവ്
3) 17.08.2019 തീയതിയിലെ ശ്രീ.രവികുമാർ.എസ്, സീനിയർ സൂപ്രണ്ടിന്റെ അപേക്ഷ

### ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിന്ന് അന്യത്രസേവന വ്യവസ്ഥയിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി നോക്കിയിരുന്ന ശ്രീ.രവികുമാർ.എസ്, സീനിയർ സൂപ്രണ്ട് അന്യത്ര സേവന കാലാവധി പൂർത്തിയായതിനാൽ മാതൃവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ഒഴിവുകൾ ഇല്ലാത്തതിനാൽ പരാമർശം (1) ഉത്തരവ് പ്രകാരം സീനിയർ സൂപ്രണ്ടായി ഏറ്റവും അവസാനം സ്ഥാനക്കയറ്റം നൽകി മടപ്പള്ളി സർക്കാർ കോളേജിൽ നിയമിച്ച യൂണിവേഴ്സിറ്റി കോളേജിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.സുനിൽകുമാർ.എസ്-നെ (ടിയാൻ സീനിയർ സൂപ്രണ്ട് തസ്തികയിൽ ജോയിൻ ചെയ്തിട്ടില്ല)ജൂനിയർ സൂപ്രണ്ടായി റിവർട്ട് ചെയ്ത് യൂണിവേഴ്സിറ്റി കോളേജിൽ നിലനിർത്തി ഉത്തരവാകുന്നു.

ശ്രീ.രവികുമാർ.എസ്, സീനിയർ സൂപ്രണ്ടിനെ മടപ്പള്ളി സർക്കാർ കോളേജിൽ ശ്രീമതി.ആശാസാബു, സീനിയർ സൂപ്രണ്ടിനെ സ്ഥലം മാറ്റിയ ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

ശ്രീ.രവികുമാർ.എസ്, സീനിയർ സൂപ്രണ്ടിനെ ജോലിയിൽ പ്രവേശിപ്പിച്ച വിവരം സ്ഥാപന മേധാവി യഥാസമയം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഒപ്പ്/-,
ഡോ.സുമ.കെ.കെ,
അഡീഷണൽ ഡയറക്ടർ
In charge of കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

ശ്രീ.രവികുമാർ.എസ്, സീനിയർ സൂപ്രണ്ട്
ശ്രീ.സുനിൽകുമാർ.എസ്, ജൂനിയർ സൂപ്രണ്ട്

പകർപ്പ് :-

1. പ്രിൻസിപ്പാൾ, ഗവൺമെന്റ് കോളേജ്, മടപ്പള്ളി
2. പ്രിൻസിപ്പാൾ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം
3. പ്രവേശന പരീക്ഷാ കമ്മീഷണർ, പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം
4. നടപ്പ ഫയൽ / കരുതൽ ഫയൽ

/അംഗീകാരത്തോടെ

സൂപ്രണ്ട്

MR

പി.ജി:17.08.2019

GOVERNMENT OF KERALA